LIBRARY ARCHIVES Kerala Legislative Assembly

സംസ്ഥാനത്തെ സ്ട്രീറ്റ് ടാപ്പ് വഴിയുള്ള കുടിവെള്ള വിതരണം

62 [225] ശ്രീ. സാജു പോൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കേരള വാട്ടർ അതോറിറ്റി വിതരണം ചെയ്യുന്ന കുടിവെള്ളം വ്യാപകമായി ദുരുപയോഗം ചെയ്യുന്നത് സർക്കാരിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇതു തടയാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ;

(സി) സ്ട്രീറ്റ് ടാപ്പുകൾ സ്ഥാപിക്കുന്നതിന്റെ മാനദണ്ഡങ്ങൾ എന്തൊക്കെയാണ്;

(ഡി) നിശ്ചിത ദൂരവും നിബന്ധനകളും പാലിക്കാതെ പൊതുടാപ്പുകൾ അനുവദിച്ചിട്ടുണ്ടെങ്കിൽ ഇവ നിയമപ്രകാരം പുനഃക്രമീകരിക്കുവാൻ നടപടി സ്വീകരിക്കുമോ;

(ഇ) സംസ്ഥാനത്ത് ആകെ നിലവിലുള്ള സ്ട്രീറ്റ് ടാപ്പുകൾ, ഗാർഹിക, വ്യാപാര, വ്യവസായ വാട്ടർ കണക്ഷനുകളുടെ ഇനം തിരിച്ചും, ജില്ല തിരിച്ചുമുള്ള കണക്കുകൾ ലഭ്യമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ശുദ്ധജലത്തിന്റെ ദുരുപയോഗം കണ്ടെത്തുന്നതിനും തടയുന്നതിനുമായി ഡിവിഷൻ തലത്തിൽ പ്രത്യേക സ്ക്വാഡിനെ വിന്യസിച്ചിട്ടുണ്ട്. ശുദ്ധജലം ദുരുപയോഗം ചെയ്യുന്ന ഉപഭോക്താക്കളിൽ നിന്നും പിഴയും കൂടാതെ കണക്ഷൻ വിഛേദിക്കുന്ന നടപടികളും സ്വീകരിക്കാറുണ്ട്. ബോധവൽക്കരണ നടപടികളും സ്വീകരിച്ചുവരുന്നുണ്ട്.

(സി) പൊതുടാപ്പു സ്ഥാപിക്കുവാനുള്ള സ്ഥലം, ഗുണഭോക്താക്കളുടെ എണ്ണം എന്നിവ കാണിച്ചുകൊണ്ട് ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സമിതിയുടെ നിർദ്ദേശപ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ ചെലവിൽ പൊതുടാപ്പ് സ്ഥാപിച്ചുവരുന്നു. ടാപ്പുകൾ സ്ഥാപിക്കുമ്പോൾ നിയമത്തിൽ അനുശാസിക്കുന്ന ദൂരപരിധിയും പരമാവധി പാലിച്ചുവരുന്നു.

(ഡി) നിലവിലുള്ള ചട്ടപ്രകാരം ദൂരപരിധി പാലിച്ചിട്ടില്ലാത്ത പൊതുടാപ്പുകളുടെ കാര്യം വാട്ടർ അതോറിറ്റിയെ രേഖാമൂലം അറിയിക്കുന്ന പക്ഷം അവ അന്വേഷിച്ച് ഉചിതമായ നടപടി സ്വീകരിക്കുന്നതാണ്.

(ഇ) സംസ്ഥാനത്ത് ആകെ നിലവിലുള്ള വാട്ടർ കണക്ഷനുകളുടെ ഇനം തിരിച്ചും ജില്ല തിരിച്ചുമുള്ള കണക്ക് അനുബന്ധമായി ചേർത്തിരിക്കുന്നു.†

† നിയമസഭാ ലൈബ്രറിയിൽ വച്ചിട്ടുണ്ട്.